കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനമരം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.4/462/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ, പിൻ - 637121

തീയതി. 16.08.2017

ഫോൺ: 04936-203672

ഇ-മെയിൽ dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനമരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനമരം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ലെ 2-1, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.4/462/2017

തിയ്യതി:16.08.2017.

## വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.206 മുതൽ 30.06.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ രതീഷ് കുമാർ പി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2017മുതൽ 21.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അഗസ്റ്റ്യൻ ഒ .കെ. ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാജി. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |
| | ശ്രീ സമീർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഇന്ദു കെ നായർ, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ലിസി തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ. ടി മോഹനൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി ഷൈനി കൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി മൊഹറുന്നീസ റസാഖ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി ജ്ജൽന ഉസ്മാൻ | 01.04.2017 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ കെ രാധാകൃഷ്ണൻ (അധിക ചുമതല ) | 01.04.2016 മുതൽ 16.09.2016 വരെ |
| | ശ്രീ.എം.ആർ. പ്രഭാകരൻ | 17.09.2016 മുതൽ 21.12.2016 വരെ |
| | ശ്രീ ജോസ് കുമാർ | 22.12.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീ കെ രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ചെന്നലോട് ) | ഡോ. ഷീജ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. മാത്യു ആൻഡ്രൂസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. സുധീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ. ജയചന്ദ്രൻ എം | 01.04.2015 മുതൽ 31.10.2016 വരെ |
| | ശ്രീ. ബിനേഷ് വർഗ്ഗീസ് | 01.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ എം ജയരാജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ ചാക്കോ പ്രകാശ് | 01.04.2016 മുതൽ 31.03.2017 വരെ |
| ടി . ഇ .ഒ | ശ്രീ ബിജു | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ . അനിൽ | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി മേരിക്കുട്ടി ജോസഫ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീ വിപിൻ കൃഷ്ണ | 01.04.2016 മുതൽ<br>10.06.2016 വരെ |
| | ശ്രീ വിനോദ് കെ | 11.06.2016 മുതൽ<br>31.07.2016 വരെ |
| | ശ്രീ വിപിൻ കൃഷ്ണ | 01.08.2016 മുതൽ<br>09.11.2016 വരെ |
| | ശ്രീ വിനോദ് കെ | 10.11.2016 മുതൽ<br>31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | | |
| | ഭാഗം 2- വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | രസീതി കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 2-2 |
| 13 | വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 2-3 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 15 | സ്വകാര്യ ആശുപത്രി, ലാബുകൾ തുടങ്ങിയ സ്ഥാപനങ്ങസളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നില്ല | 2-5 |
| | ഭാഗം - 3 – ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | ജീവനക്കാരുടെ ആദായനികുതി ഈടാക്കിയതിൽ കുറവ് | 3-1 |
| 17 | സംയുക്ത പദ്ധതികൾ/മറ്റ് പദ്ധതികൾ എന്നിവയ്ക്ക് ലഭിച്ച തുക | 3-2 |

| | | |
|---|---|---|
| | ചെലവഴിക്കാതെ അവശേഷിക്കുന്നു. | |
| 18 | പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ - വാട്ടർ പ്യൂരിഫയർ പ്രവർത്തിക്കുന്നില്ല. | 3-3 |
| 19 | ലോൺ അക്കൗണ്ടുകളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 3-4 |
| 20 | കേര കർഷകർക്ക് കുമ്മായ ജൈവവള വിതരണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 21 | കാർഷിക ഉപകരണങ്ങൾ നൽകൽ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 3-6 |
| 22 | കുരുമുളക് വള്ളി വിതരണം - പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3-7 |
| 23 | പനമരം സി.എച്ച്.സി.മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ | 3-8 |
| 24 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. | 3-9 |

| | | |
|---|---|---|
| | | |
| 25 | ജലനിധി - രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 26 | പി.എം.എ.വൈ വിഹിതം അടക്കൽ വിനിയോഗ സാക്ഷ്യപത്രം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. | 3-11 |
| 27 | ഭവന പുനരുദ്ധാരണം - സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു | 3-12 |
| 28 | വീട് വയറിംഗ് - മതിയായ രേഖകൾ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചു | 3-13 |
| 29 | ജലനിധി - അക്കൗണ്ടിൽ നീക്കിയിരിപ്പ് | 3-14 |
| 30 | എസ് . ടി ഭവന നിർമ്മാണം - തുക പൂർണ്ണമായും വിതരണം ചെയ്തില്ല | 3-15 |
| 31 | നീരട്ടാടി-കണ്ണിക്കൊല്ലി റോഡ് സൈഡ് പ്രൊട്ടക്ഷൻ (പ്രൊജക്ട് നം. 355/16) അധിക ചെലവ് സംബന്ധിച്ച് | 3-16 |

| | | |
|---|---|---|
| 32 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല. | 3-17 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.216ലെ 72/16-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 21,21,37,000/- രൂപയും ചെലവ് 21,55,91,500/- രൂപയും യഥാർത്ഥ വരവ് 15,18,44,230/- രൂപയും, ചെലവ് 14,89,92,934/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 28.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട് .

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32973105.28 |
| വരവ് | 151844230 |
| ആകെ | 184817335.28 |
| ചെലവ് | 148992934 |
| നീക്കിയിരിപ്പ് | 35824401.28 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24558069 | 24558069 | 24558069 | 0 | 100 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1646000 | 1646000 | 1646000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13526032 | 13526032 | 13526032 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7472021 | 7472021 | 7472021 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1626570 | 1626570 | 1626570 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3460693 | 3460693 | 3460693 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 895000 | 895000 | 895000 | 0 | 100 |
| എം.എൻ.ആർ.ജി.എസ് | | | | | | |
| ബി ഫണ്ട് | 0 | 55328320 | 55328320 | 55328320 | 0 | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 433 | 186295848 | 118 | 57784874 | 43 | 272 | 27.25 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33,60,171/- രൂപ (38.56%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 56,96,405 | 85,17,388 | 2820983 | 49.5 |
| നികുതിയേതര വരവുകൾ | 2592362 | 3293649 | 701287 | 27.1 |
| ബാങ്ക് പലിശ | 424431 | 262332 | -162099 | -38.2 |
| ആകെ | 8713198 | 12073369 | 3360171 | 38.56 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 53 | 90600 |
| കർഷകതൊഴിലാളി പെൻഷൻ | 3168 | 6870600 |
| വിധവാപെൻഷൻ | 6718 | 18546900 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 8248 | 25175600 |
| വികലാംഗപെൻഷൻ | 1901 | 4224300 |
| അവിവാഹിത പെൻഷൻ | 140 | 360200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2017 ന് 4 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38,067/- രൂപ (മുപ്പത്തി എട്ടായിരത്തി അറുപത്തി ഏഴ്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.05.2017 | 6/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.08.2016 | 2011-12 – 2015-16 | ലഭിച്ചില്ല |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ 2016-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. 2016-17 വർഷത്തെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ചെലവ് പത്രിക പ്രകാരം ചെലവഴിച്ച തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.
2. വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, സ്റ്റോർ എന്നിവ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പ്രകാരം സെക്രട്ടറി പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. ബാലൻസ് ഷീറ്റിൽ (B-15) വസതി ഭവന നിർമ്മാണ ലോൺ തുക മുഴുവനായും ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.
5. വസതി ലോൺ തിരിച്ചടവ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
6. വസ്തുനികുതി കുടിശ്ശിക,ഡിമാന്റ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
7. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോമുകളുടെ വില വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വാർഷിക കണക്കിൻമേലുള്ള കുറിപ്പുകളായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

## 2-2 രസീതി കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

2016-17 ഓഡിറ്റിന്റെ ഭാഗമായി രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, മാന്വൽ രസീതികൾ, സാംഖ്യ രസീതികൾ എന്നിവ പരിശോധിച്ചതിൽ അവയുടെ ഉപയോഗത്തിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു .

1. രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ തന്നെയാണ് എം ബുക്ക്, സീൽ, മറ്റ് സ്റ്റേഷനറികൾ എന്നിവയുടെയും സ്റ്റോക്ക് രജിസ്റ്ററായി ഉപയോഗിക്കുന്നത്. രസീതി ബുക്കുകൾക്ക് മാത്രമായി ഒരു സ്റ്റോക്ക് രജിസ്റ്ററും, മറ്റ് സ്റ്റേഷനറികൾക്ക് മാത്രമായി ഒരു സ്റ്റോക്ക് ബുക്കും ഉപയോഗിക്കേണ്ടതാണ് .
2. ക്യാഷ് രസീതായി ഉപയോഗിച്ചതോ, ക്യാൻസൽ ചെയ്തതോ, പ്രിന്റർ തകരാറുമൂലം ഉപയോഗിക്കാത്തതോ ആയ സ്റ്റേഷനറികൾ സ്റ്റേഷനറി നമ്പറിന്റെ അടിസ്ഥാനത്തിൽ ക്രമമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ സ്റ്റേഷനറികൾ എല്ലാം ഉണ്ടോയെന്ന് വ്യക്തമല്ല. ഉദാ: 0776756, 0776757 എന്നീ സ്റ്റേഷനറികൾ ലഭ്യമല്ല.

3. 11601105669/17.02.2017 (₹ 5061, സ്റ്റേഷനറി നം.076765) എന്ന രസീതി ക്യാൻസൽ ചെയ്തതാണെങ്കിലും ആയതിന്റെ അസൽ, പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. 16.11.2015 ൽ വാങ്ങിയ 7179 – 7228 വരെയുള്ള മാന്വൽ രസീതികൾ ക്രമമായല്ല വിതരണം ചെയ്തിരിക്കുന്നത്. 7201 മുതൽ 7222 വരെയുള്ള രസീതികൾ 17.11.2015 മുതൽ 15.4.16 വരെയും, 7179 മുതൽ 7195 വരെയുള്ള രസീതികൾ 19.01.2017 മുതൽ 26.04.2017 വരെയുമാണ് വിതരണം ചെയ്തിരിക്കുന്നത്.

5. 22.4.2014 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 48544/എബി1/13/ത.സ്വ.ഭ.വ. സർക്കുലറിൽ, ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രസീതിനായും, തപാൽ കൈപ്പറ്റ് രസീതിനായും വ്യത്യസ്ത രീതിയിലുള്ള സ്റ്റേഷനറികൾ (പ്രത്യേക ഫോർമാറ്റിലുള്ളത്/നിറത്തിലുള്ളത്) ഉപയോഗിക്കുകയോ, അല്ലെങ്കിൽ രണ്ട് കമ്പ്യൂട്ടറുകൾ/പ്രിന്ററുകൾ ഉപയോഗിച്ച് രസീതുകൾ നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. തപാലുകൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സ്വന്തം നിലയിൽ അച്ചടിച്ച രസീതികളാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ അച്ചടിച്ച രസീതികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ് .

## 2-3 വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്

1) പഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന് വൻതോതിൽ നികുതി കുടിശ്ശികയുള്ളതായി കണ്ടു. സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരം 31.03.2017 ൽ മുൻവർഷ കുടിശ്ശിക 28,19,115/- രൂപയാണ്. 2016-17വാർഷിക കണക്ക് പ്രകാരം (B – 15) മുൻ വർഷ കുടിശ്ശിക 20,19,630/- രൂപയുമാണ്. (പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 3,71,102/- രൂപയും, പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 19,48,528/- രൂപയുമാണ്). വാർഷിക കണക്കു രജിസ്റ്ററിലെ തുകയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നതിനും പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വർഷം തിരിച്ചുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, വാർഷിക കണക്കിലെ നികുതി കുടിശ്ശികയാണ് യഥാർത്ഥത്തിൽ ഉള്ളതെന്നും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന അടവാക്കുന്ന നികുതികൾ സഞ്ചയ സോഫ്റ്റ്‌വെറിലേക്ക് ട്രാൻസ്ഫർ ആകാതെ വന്നതു കൊണ്ടാണ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടാത്തതെന്നും ആയത് പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2) പഞ്ചായത്തിലെ പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 1948528/- രൂപയാണ്. സോഫ്റ്റ്‌വെയറിൽ നിന്നും വർഷം തിരിച്ചുള്ള കുടിശ്ശിക ലഭിക്കുന്ന തിനുള്ള ഓപ്ഷൻ ഇല്ലാത്തതുകൊണ്ട് കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. 2013-14

വർഷത്തെ വസ്തുനികുതി ഈടാക്കാത്തതിനാൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരമുള്ള സമയപരിധി 2016-17 വർഷം അവസാനിക്കുകയാണ്. സമയോചിതമായി നടപടിയെടുത്ത് നികുതി ഈടാക്കുന്നതിൽ വീഴ്ച വരുന്നതിനാൽ നികുതി കാലഹരണപ്പെടുകയും പിരിഞ്ഞുകിട്ടാനുള്ള തുക കുമിഞ്ഞ് കൂടുകയും ചെയ്യുന്നു. നിലവിൽ പഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സഞ്ചയയിൽ നിന്നും ലഭ്യമായ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ നിന്നും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വസ്തു നികുതി | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|
| 1 | 1/184-186 | ദേവസ്യ, തൊട്ടിയിൽ, കുണ്ടാല | വാണിജ്യ കെട്ടിടം | 1608 | 82 |
| 2 | 1/308A | അബ്ദുള്ള (ചക്കര) | -ടി- | 5400 | 270 |
| 3 | 1/455-462 | ഹംസ (കൊല്ലകണ്ടി) | -ടി- | 1926 | 97 |
| 4 | 2/413-418 | അബ്ദുള്ള നൗഫൽ മുതിര, അഞ്ചുകുന്ന് | -ടി- | 4752 | 242 |
| 5 | 8/250 | സനാതനൻ പുഞ്ചവയൽ, പരിയാരം | -ടി- | 1556 | 78 |
| 6 | 9/53/A | ബിജു റ്റി നായർ ഡപ്യൂട്ടി ജനറൽ മാനേജർ, പാലാരിവട്ടം, | മൊബെൽ ടവർ | 11000 | 550 |
| 7 | 9/430-433 | സ്റ്റേറ്റ് പ്രസിഡന്റ് ഇന്ത്യന് യൂണിയന് മുസ്ലീം ലീഗ് | വാണിജ്യ കെട്ടിടം | 2195 | 110 |
| 8 | 10/35-53 | എം.അബൂബക്കര്ഹാജി ഷാഹിദ മൻസിൽ ചെറുകാട്ടൂർ | -ടി- | 17582 | 885 |
| 9 | 10/535-542 | പികെ സക്കറിയ, നാദാപുരം | -ടി- | 3120 | 160 |
| 10 | 10/575-576 | കെ.കെ.ഖാലിദ് കോരൻകുന്ന്, പീച്ചങ്കോട് | -ടി- | 3280 | 164 |
| 11 | 10/589-591 | പ്രസിഡന്റ്, വ്യാപാരി വ്യവസായി ഏകോപന സമിതി | -ടി- | 2340 | 117 |
| 12 | 10/664-672 | രാജേഷ്, വാഴക്കണ്ടി | വാണിജ്യാവശ്യത്തിനുള്ളവ | 2933 | 151 |

| | | | | | |
|---|---|---|---|---|---|
| 13 | 10/719-724B | സെക്രട്ടറി, വയനാട് കോ ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് ബാങ്ക് | -ടി- | 34369 | 1723 |
| 14 | 10/789-793 | ഹൈഡ്രോസ് നെല്ലിയമ്പം, പനമരം | -ടി- | 2400 | 120 |
| 15 | 12/506 | എസ്.എസ്.ദത്ത ടാറ്റാ ടെലിസർവ്വീസ്, കൊച്ചിൻ | മൊബൈൽ ടെലഫോൺ ടവർ | 19800 | 990 |
| 16 | 12/508 | മാനേജർ വോഡഫോൺ എസ്സാർ സല്ലുലാർ ലിമിറ്റഡ് | -ടി- | 19800 | 990 |
| 17 | 12/508A | റിലയൻസ് ഇൻഫോകോം, ഏ & പി ആർക്കേഡ് | -ടി- | 22200 | 1110 |
| 18 | 13/231 | ബോബി സെബാസ്റ്റ്യൻ എം.എസ്. ഇന്ത്യ ടെലികോം മൊബൈൽസ് | -ടി- | 19200 | 960 |
| 19 | 16/2 | സുബ്രമണ്യന് പി.കെ. പുന്നത്ത്കള്ളിപുറത്ത് | വ്യവസായത്തിനാവശ്യമുള്ളവ- | 3117 | 156 |
| 20 | 17/121 | ബി.ഡി.സുദിവൻ വിട്ടിൽ എടപ്പള്ളി, കൊച്ചി | മൊബൈൽ ടെലഫോൺ ടവർ | 19200 | 960 |
| 21 | 22/41 | കുഞ്ഞമ്മദ്, പടയൻ അഞ്ചുകുന്ന് | പാർപ്പിടാവശ്യം | 3645 | 183 |
| 22 | 22/196 | ഡോ.മൊയ്തീൻ കണക്കശ്ശേരി, അഞ്ചുകുന്ന് | -ടി- | 3248 | 163 |
| ആകെ | | | | 204671 | 10261 |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് സാംഖ്യ സോഫ്റ്റ്‌വെയറും, സഞ്ചയ സോഫ്റ്റ്‌വെയറും ഓട്ടോമാറ്റിക്കായി അഡ്ജസ്റ്റ് ചെയ്യാത്തതുമൂലം വരവു വന്ന പല നികുതികളും കണക്കിൽ പ്രതിഫലിച്ചിട്ടില്ലെന്നും ആയത് ക്രമവത്കരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും, കാലഹരണപ്പെടുന്ന നികുതികൾ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ

അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളതുൾപ്പെടെ മുഴുവൻ കുടിശ്ശികയും ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-4 തൊഴിൽനികുതി - അപാകതകൾ

തൊഴിൽനികുതി 2016-17 ലെ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളായ ക്രസന്റ് പബ്ലിക് ഹൈസ്കൂൾ, സെന്റ് മേരീസ് പബ്ലിക് സ്കൂൾ എന്നിവയിൽ നിന്നും നവോദയ ഹോസ്പിറ്റൽ (സ്വകാര്യ ആശുപത്രി രജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയിൽ 5 ജീവനക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി വ്യക്തമാക്കിയിട്ടുണ്ട്), പനമരം ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

മേൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ച വർഷം, മുൻ വർഷങ്ങളിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ, നിലവിൽ മേൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

2. പഞ്ചായത്തിൽ 2016-17 ൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾ പുതുതായി രജിസ്റ്റർ ചെയ്യുകയോ, രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത/ പുതുക്കിയ തീയതി | ജീവനക്കാ രുടെ എണ്ണം |
|---|---|---|---|
| 1 | മാർവെലസ്സ് ആയുർവേദിക് ക്ലിനിക് | 22.12.16 | 2 |

| | | | |
|---|---|---|---|
| | | | |
| 2 | വയനാട് ആയുർവേദ കേന്ദ്രം, കുളിവയൽ | 28.11.2016 | 4 |
| 3 | ഡി ആന്റ് കെയർ ഡെന്റൽ ക്ലിനിക് | 24.05.2016 | 2 |
| 4 | മാർവെലസ് ആയുർവേദിക് വെൽനസ്സ് ക്ലിനിക് | 05.08.2016 | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക്, ക്രമ നം. 1,3,4 എന്നീ സ്ഥാപനങ്ങളിലെ ഓരോ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെന്നും മറ്റ് ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടിയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. 2016-17 വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് (I -1) 18,08,590/- രൂപയും, കളക്ഷൻ (RP -1) 17,91,140/- രൂപയുമാണ്. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റും കളക്ഷനും 17,76,280/- രൂപയാണ്. വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

## 2-5 സ്വകാര്യ ആശുപത്രി, ലാബുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ

## ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലെസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മേൽ ചട്ടങ്ങളോട് ചേർന്ന I -ാം പട്ടികയിൽ പറയുന്ന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നൽകുന്ന ലൈസൻസ് നിർബന്ധമാണ്. മേൽ ചട്ടങ്ങളിലെ പട്ടിക I പ്രകാരം സ്വകാര്യ ആശുപത്രി (ക്രമ നം 142) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ (ക്രമ നം 143), റീട്ടെയിൽ റേഷൻ ഡിപ്പോ (ക്രമ നം. 149) എന്നിവ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ, റീട്ടെയിൽ റേഷൻ ഡിപ്പോ എന്നിവയ്ക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്വകാര്യ ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ എന്നിവയ്ക്ക് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270 പ്രകാരമുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നും, റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരിൽ നിന്നുള്ള ആദായനികുതി ഈടാക്കിയതിൽ കുറവ്

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 192 പ്രകാരം 2016 -17 സാമ്പത്തിക വർഷത്തെ ശമ്പളത്തിൽ നിന്നുള്ള ആദായനികുതി നിശ്ചിത നിരക്കിൽ ഈടാക്കി ഒടുക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 10.01.2017 ലെ 01/2017/ധനം സർക്കുലർ പ്രകാരം 2016-17 വർഷത്തെ ആദായനികുതി നിരക്ക്, ശമ്പളത്തിൽ നിന്നുള്ള ടി.ഡി.എസ്, സാമ്പത്തിക വർഷാരംഭത്തിൽ ആന്റിസിപ്പേറ്ററി വരുമാന പത്രിക തയ്യാറാക്കി ആകെ അടക്കേണ്ടുന്ന ആദായനികുതി കണക്കാക്കി അതിന്റെ പന്ത്രണ്ടിലൊന്ന് പ്രതിമാസ റിക്കവറി നടത്തേണ്ടതും തുക യഥാസമയം ഒടുക്കേണ്ടതും ഡി.ഡി.ഒ. യുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷത്തെ ആദായനികുതി അടവ് സംബന്ധിച്ച രേഖകൾ

പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. ജീവനക്കാരുടെ 2016-17 ലെ ആന്റിസിപ്പേറ്ററി ഇൻകം കണക്കാക്കി ഇതിൽ നിന്നും പ്രതിമാസ ഗഡുക്കളായി ആദായ നികുതി കണക്കാക്കി ഈടാക്കിയിട്ടില്ല.
2. ആദായ നികുതി ശമ്പളത്തിൽ നിന്നും ഈടാക്കാതെ ജീവനക്കാരിൽ നിന്നും നേരിട്ട് വാങ്ങി അടച്ചു.
3. ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വരുമാനമായി കണക്കാക്കിയിട്ടില്ല. വാർഷിക വരുമാനം 2,50,000/- രൂപയിൽ കവിയുന്ന എല്ലാ ജീവനക്കാരുടെയും ആദായനികുതി റിട്ടേൺ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നികുതി ഈടാക്കി അടച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര് | തസ്തിക | അടക്കേണ്ടുന്ന നികുതി | അടച്ച നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീ.കെ.രാധാകൃഷ്ണൻ | അസി. സെക്രട്ടറി | 16090 | 14672 | 13,373 രൂപ വരുമാനത്തിൽ കൂട്ടിയിട്ടില്ല. |
| 2 | ശ്രീമതി. ലതിക | ജൂ.സൂപ്രണ്ട് | 13468 | 12260 | 11730 DA കുടിശ്ശിക വരുമാനത്തിൽ കൂട്ടിയിട്ടില്ല. |
| 3 | ശ്രീ.സജി | അക്കൗണ്ടന്റ് | 5482 | 4470 | 9834 രൂപ DA കുടിശ്ശിക വരുമാനത്തിൽ കൂട്ടിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | ശ്രീ.ജയചന്ദ്രൻ | സീ.ക്ലാർക്ക് | 3872 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |
| 5 | ശ്രീമതി. രതി | സീ.ക്ലാർക്ക് | 2463 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |
| 6 | ശ്രീ.പ്രജീഷ് | ക്ലാർക്ക് | 632 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |
| 7 | ശ്രീ.വിനീഷ് | ക്ലാർക്ക് | 886 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |
| 8 | ശ്രീ.മഹറൂഫ് | അറ്റൻഡന്റ് | 1344 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |
| 9 | ശ്രീ.ആനന്ദ് രാജ് | സീ.ക്ലാർക്ക് | 9731 | 0 | റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. |

അപാകതകൾക്ക് രേഖകൾ സഹിതം ഓഡിറ്റിന് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/16-17/19.07.17 ന് നൽകിയ മറുപടിയിൽ തുടർ വർഷങ്ങളിൽ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾക്കൊള്ളിച്ചത്. ഇക്കാര്യത്തിൽ കൂടുതൽ വിശദമായ പരിശോധന നടത്തി എല്ലാവരിൽ നിന്നും നികുതി കൃത്യമായി ഈടാക്കിയിട്ടുണ്ട് എന്നുറപ്പാക്കേണ്ടതാണ്.

## 3-2 സംയുക്ത പദ്ധതികൾ/മറ്റ് പദ്ധതികൾ എന്നിവയ്ക്ക് ലഭിച്ച

## തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതും, ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ നാളിതുവരെയായി തിരികെ നൽകിയിട്ടില്ല.

| ക്രമനം. | ഇനം | ആരിൽ നിന്നും ലഭിച്ച | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 1 | ആധാർ ഇൻസെന്റീവ് | ജില്ലാ കളക്ടർ വയനാട് | 2,46,000 | 2,00,100 | 45,900 |
| 2 | എസ്.ടി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | ജില്ലാ പഞ്ചായത്ത് | 7,74,900 | 4,55,421 | 3,19,479 |

- ക്രമ.നം.1 പ്രകാരം 2,00,100/- രൂപ 1334 ആളുകൾക്ക് ആധാർ എൻറോൾ ചെയ്തതിന് ഇൻസെന്റീവ് ആയി നല്കിയിട്ടുണ്ട്. ഇവരുടെ ആധാർ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- ക്രമ.നം.2 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

മേൽ തുകകൾ യഥാക്രമം 27.06.2015 നും 16.03.2017 നും ലഭിക്കുകയും ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനങ്ങളിൽ പിന്നീട് ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ വിവരവും മുൻ വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിവരവും ഓഡിറ്റിന് നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/16-17/17.07.2017 ന് മറുപടി നൽകിയിട്ടില്ല. ചെലവഴിക്കാത്ത 365379/- രൂപ അനുബന്ധ സ്ഥാപനങ്ങളിലേയ്ക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ - വാട്ടർ പ്യൂരിഫയർ പ്രവർത്തിക്കുന്നില്ല.

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 479/17 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് ഓഫീസിൽ കുടിവെള്ള സൗകര്യം ഒരുക്കൽ |
| അടങ്കൽ | 30,000/- |
| ചെലവ് | 29,900/- |
| ബിൽ നം/തീയ്യതി | 6/PF(G)/16-17/31.03.2017 |

മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കർമി ഇൻഫോ സിസ്റ്റംസ്, മാനന്തവാടിയിൽ നിന്നുമാണ് വാട്ടർ പ്യൂരിഫയർ വാങ്ങിയത്. എന്നാൽ വാട്ടർ പ്യൂരിഫയർ വാങ്ങി നാല് മാസത്തിനുള്ളിൽ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണുള്ളത്. മേൽ സ്ഥാപനവുമായി വെച്ച ഉടമ്പടി ക്രമ.നം.1(b) പ്രകാരം സാധനം വാങ്ങി 12 മാസത്തിനകം കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ നന്നാക്കേണ്ടതാണ്.

വാട്ടർ പ്യൂരിഫയർ പ്രവർത്തന ക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/16-17/21.07.2017 ന് മറുപടി നൽകിയിട്ടില്ല. പ്യൂരിഫയർ പ്രവർത്തനക്ഷമമാക്കാത്തപക്ഷം സർച്ചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾക്ക് ശുപാർശ ചെയ്യുതാണ്. ചെലവ് തുക തൽക്കാലം തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 ലോൺ അക്കൗണ്ടുകളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

1) ഇ.എം.എസ് ലോൺ തുക തിരിച്ചടവിനായി ബിൽ നം.10/PF(G)/16-17/31.10.2017 പ്രകാരം 17,50,000/- രൂപ പിൻവലിച്ച് കനറാ ബാങ്കിലുള്ള പ്ലാൻ ഫണ്ട് അക്കൗണ്ട് നം.50648 ൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക 24.01.2017 ന് ബാങ്കിൽ നിന്നും പിൻവലിച്ച് വി.ഇ.ഒ യ്ക്ക് കൈമാറിയിട്ടുണ്ട്. തുക പിൻവലിച്ച് ഏകദേശം മൂന്ന് മാസത്തോളം തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.25/16-17/22.07.2017 ന് മറുപടി നൽകിയിട്ടില്ല.

(2) ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ഭവന പദ്ധതി 'വസതി' ക്കായി രണ്ട് കോടി രൂപ ലോൺ എടുത്തിട്ടുണ്ട്. എന്നാൽ ഇത്രയും തുക ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല. പകരം യഥാർത്ഥത്തിൽ പിൻവലിച്ച തുക (തൻവർഷം-

68,50,000/-) മാത്രമാണ് ബാധ്യതയായി രേഖപ്പെടുത്തുന്നത്. ലോൺ അക്കൗണ്ടുകളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 3-5 കേരകർഷകർക്ക് കുമ്മായ ജൈവവള വിതരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേര കർഷകർക്ക് കുമ്മായ ജൈവവള വിതരണം |
| പ്രോജക്ട് നം | 13/17 |
| അടങ്കൽ-വികസന ഫണ്ട് | 13,49,750/- |
| ഗുണഭോക്തൃ വിഹിതം<br>നേരിട്ട് ചിലവഴിക്കുന്നത് | 7,26,882/- |
| തനത് ഫണ്ട് | 8,30,900/- |
| ആകെ | 29,07,532/- |
| ചെലവഴിച്ച തുക | 13,49,750/- ബിൽ നമ്പർ -520/5301177തീയതി 30/3/2017<br>തനത്ഫണ്ട് ചെക്ക് നം.1790135 തീയതി 29/03/17<br>(ട്രഷറി ചെക്ക് - മൊത്തം ചെക്ക് തുക 3366520/-) 830900/- |

ഗ്രാമ പഞ്ചായത്തിലെ കേര കർഷകർക്ക് ജൈവവളം കുമ്മായം എന്നിവ വാങ്ങി

നൽകുകയാണ് പദ്ധതി ലക്ഷ്യം. മേൽ പ്രകാരം തുക പ്ലാൻ ഫണ്ട്, തനത്ഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്. ആകെ 148680 കി.ഗ്രാം ജൈവവളം, 33040 കി.ഗ്രാം കുമ്മായം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. തനത്ഫണ്ട് ലഭിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) ജൈവ വളം കുമ്മായം എന്നിവ വിതരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥൻ ഫീൽഡ് പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3) ജൈവ വളം, കുമ്മായം ഇവ വാങ്ങിയത് ഏത് രീതിയിലാണ് എന്നത് വ്യക്തമാക്കിയിട്ടില്ല (ഉദാഹരണമായി പ്രാദേശികമായ ഉൽപ്പാദിപ്പിക്കുന്നവയാണോ ടെണ്ടർ മുഖേനയാണോ എന്നത് വ്യക്തമല്ല) പ്രാദേശികമായിട്ടാണ് ഇത് വാങ്ങിയതെങ്കിൽ ജില്ലാതല സമിതി വിലനിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) കേര കൃഷി ചെയ്യുന്ന കർഷകരുടെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17 തീയതി 20/7/17 ക്ക് വ്യക്തമായ മറുപടി നൽകിയട്ടില്ല. ചെലവഴിച്ച 21,80,650/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 കാർഷിക ഉപകരണങ്ങൾ നൽകൽ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കാർഷിക ഉപകരണങ്ങൾ നൽകൽ |
| പ്രോജക്റ്റ് നം | 204/2017 |
| അടങ്കൽ-വികസന ഫണ്ട് | 4,50,000/- |
| ഗുണഭോക്തൃ വിഹിതം | 1,50,000/- |

| | |
|---|---|
| സ്ഥാപനത്തിൽ അടയ്ക്കുന്നത് | |
| ആകെ | 6,00,000/- |
| ചെലവഴിച്ച തുക | 4,50,000/- ബിൽ നമ്പർ -520/5301154<br>തീയതി 29/3/2017 |

ഗ്രാമ പഞ്ചായത്തിലെ 23 കുരുമുളക് സമിതികൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം. കുരുമുളക് സമിതികൾക്ക് റെയ്ഡ്കോയിൽ നിന്നും കാട് വെട്ട് യന്ത്രങ്ങൾ നൽകിയതിനുള്ള സബ്സിഡി നൽകുകയും ചെയ്തു.

കാട് വെട്ട് യന്ത്രത്തിന്റെ വില – 26088 (പ്ലാൻഫണ്ട് വിഹിതം - 19565,

ഗുണഭോക്തൃ വിഹിതം - 6523)

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കേണ്ടതാണ്. എന്നാൽ

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) സബ്സിഡി മാർഗ്ഗ രേഖ സ.ഉ(എം.എസ്) 4/2016 തസ്വഭവ തീ 11/1/2016 ലെ നിർദ്ദേശ

പ്രകാരം സമിതികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) ഉപകരണങ്ങളുടെ ഉടമസ്ഥത ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടില്ല.

4) സമിതികളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയോ, മോണിറ്ററിംഗ്

നടത്തുകയോ ചെയ്യുന്നില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/16-17 തീയതി 20/7/17 ക്ക് തൃപ്തികരമായി മറുപടി നൽകിയിട്ടില്ല. ചെലവഴിച്ച 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കുരുമുളക് വള്ളി വിതരണം - പദ്ധതി നടപ്പിലാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുരുമുളക് വള്ളി വിതരണം |
| പ്രോജക്ട് നം | 204/2017 |
| അടങ്കൽ-വികസന ഫണ്ട് | 6,00,000/- |
| ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് | 6,00,000/- |
| ആകെ | 12,00,000/- |
| ചെലവഴിച്ച തുക | 2,75,000/- 520/5301161 തീയതി 29/3/2017 |

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നിന്നും വേര് പിടിപ്പിച്ച കുരുമുളക് തൈകൾ വാങ്ങി, ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. പ്രോജക്ട്, അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രം നൽകിയ ഇൻവോയ്സ് എന്നിവ പ്രകാരം ഒരു കുരുമുളക് തൈയുടെ വില കണക്കാക്കിയത് 10/- രൂപയാണ്. ആയതിലെ ഗ്രാമപഞ്ചായത്ത് 5/- രൂപ വിഹിതം നൽകുകയും ഗുണഭോക്താക്കൾ 5/- രൂപയും നൽകേണ്ടതാണ്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) മേൽ ബിൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന് നൽകിയതായി പറയുന്നുണ്ടെങ്കിലും കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

2) പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കേണ്ടതാണ്. നാളിതുവരെ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ലഭിക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3) നാളിതുവരെ കുരുമുളക് തൈകൾ ലഭിക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/16-17 തീയതി 20/7/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പുരോഗതി വിവരം അറിയിക്കേണ്ടതാണ്. ചെലവഴിച്ച 2,75,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പനമരം സി.എച്ച്.സി.മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ

ഗ്രാമ പഞ്ചായത്ത് തൻവർഷം പനമരം സി.എച്ച്.സി. മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ മരുന്ന് വാങ്ങാനായി പണം നല്കിയെങ്കിലും മരുന്ന് നാളിതുവരെ ലഭിക്കാത്തതായും, ലഭിച്ച മരുന്നിന്റെ സ്റ്റോക്ക് തൃപ്തികരമായി സൂക്ഷിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല പദ്ധതിയിൽ നിർദ്ദേശിക്കാത്ത ഇനങ്ങൾ വാങ്ങിയതായും ഇവയിൽ പലതും നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി വിനിയോഗിക്കാത്തതായും കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. തിയ്യതി, തുക | അപാകത കൾ പരാമർശി ക്കുന്ന ചെലവ് തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 03/3.3.17 2,33,361/- | 149431/- | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി. മരുന്ന് വാങ്ങിയത്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി. ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല. വിനിയോഗവിവരം മെഡിക്കൽ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | |
| 2 | 14/30.3.17<br>3,34,227/- | 182477+14500+40000=<br>236977/- | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി. ലഭ്യമാക്കിയിട്ടില്ല. ഫയലിലെ രേഖകൾ അപൂർണ്ണ മായതിനാൽ മരുന്ന് (182477/-രൂപ) ലഭിച്ചതിന്റെയും അതിന്റെ വിനിയോഗവിവരവും മെഡിക്കൽ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.<br>40,000/- രൂപയുപയോഗിച്ച് ലാപ് ടോപ് വാങ്ങിയത് നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗി ക്കുന്നില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്.<br>14500/- രൂപയുപയോഗിച്ച് ഫർണ്ണിച്ചർ വാങ്ങിയത് - പദ്ധതിയിൽ നിർദ്ദേശിച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കേ ണ്ടതാണ്. |

| | | | |
|---|---|---|---|
| | | | |
| 3 | 17/31.3.17<br>101754/- | 100569/- | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ. എ.സി. ലഭ്യമാക്കിയിട്ടില്ല. ഫയലിലെ രേഖകൾ അപൂർണ്ണമായതിനാൽ മരുന്ന് ലഭിച്ചതിന്റെയും അതിന്റെ വിനിയോഗവിവരവും മെഡിക്കൽ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 4 | 5/3.3.17<br>115281/- | 115281/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ. എ.സി. ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. ഫയലിലെ രേഖകൾ അപൂർണ്ണമായതിനാൽ മരുന്ന് ലഭിച്ചതിന്റെയും അതിന്റെ വിനിയോഗവിവരവും മെഡിക്കൽ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നല്കേണ്ടതാണ്. |
| 5 | 13/30.3.17<br>84719/- | 84719/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ. എ.സി. ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. ഫയലിലെ രേഖകൾ അപൂർണ്ണമായതിനാൽ മരുന്ന് ലഭിച്ചതിന്റെയും അതിന്റെ വിനിയോഗവിവരവും മെഡിക്കൽ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | |
| 6 | 09/18.3.17 200,000/- | 200,000/- | ആരോഗ്യവകുപ്പിൽ വിതരണമുള്ള മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ. എ.സി. ലഭ്യമാക്കിയിട്ടില്ല. മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല. ഫോളിയോ തിരിച്ചുള്ള സ്റ്റോക്ക് രജിസ്റ്ററില്ല. ബില്ല് പ്രകാരമുള്ള ഇനങ്ങൾ എല്ലാം ഒരു രജിസ്റ്ററിന്റെ ഒരു പേജിൽ എഴുതിയതിനുശേഷം ഇഷ്യൂഡ് ടു ഒ.പി. രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൃത്യമായ വിനിയോഗവിവരം ലഭ്യമല്ല. |

| | | |
|---|---|---|
| ആകെ | 8,86,977 | |

മേൽ വിവരിച്ച പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/16-17/18.7.2017) മറുപടി നൽകിയിട്ടില്ല. രേഖകൾ തൃപ്തികരമായി പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമുള്ള നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു. ചെലവ് തുക 8,86,977/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-9 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ ഹോമിയോ മരുന്ന് വാങ്ങാനുള്ള പദ്ധതിയിൽ 1,00,000/-ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 8/2017ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ. |
| അടങ്കൽ | 1,00,000/- |
| ട്രഷറി ബിൽ നം. | 1/16-17/ 22.2.17 1,00,000/- രൂപ. |

തൻവർഷം, ഹോമിയോ മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാനായി 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആലപ്പുഴയിലെ 'ഹോംകോ'യ്ക്കാണ് തുക നല്കിയിട്ടുള്ളത്. മരുന്ന് നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി 'ഹോംകോ'യുമായി കരാറിൽ ഏർപ്പെട്ടതായുള്ള രേഖകൾ ഫയലിൽ കാണുന്നില്ല. രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നും അപാകതകൾ സംബന്ധിച്ച് രേഖകൾ സഹിതം വിശദീകരണം നല്കണമെന്നും ഓഡിറ്റ് എൻക്വയറി (നം.3/16-17/18.7.2017) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. മരുന്ന് ലഭ്യമായിട്ടില്ല എന്നാണ് ഓഡിറ്റിൽ നേരിൽ വിശദീകരിച്ചത്. ചെലവഴിച്ച തുക

ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

# 3-10 ജലനിധി - രേഖകൾ ഹാജരാക്കിയില്ല

ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

I )

| | |
|---|---|
| പ്രോജക്ട് നം | 262/2017 |
| പ്രോജക്ടിന്റെ പേര് | ജലനിധി ഗുണഭോക്തൃ വിഹിതം അടക്കൽ (ടി.എസ്.പി) |
| അടങ്കൽ | 3,00,000/- വികസനഫണ്ട് - ടി.എസ്.പി |
| ബിൽ നമ്പർ | 4/PF/TSP/16-17 തീയതി - 25/02/17തുക – 300000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

II )

| | |
|---|---|
| പ്രോജക്ട് നം | 263/2017 |
| പ്രോജക്ടിന്റെ പേര് | ജലനിധി ഗ്രാമ പഞ്ചായത്ത് വിഹിതം അടക്കൽ (SCP) |
| അടങ്കൽ | 1,10,000/- വികസനഫണ്ട് - എസ്.സി.പി |
| ബിൽ നമ്പർ | 4/PF/SCP/16-17 തീയതി - 25/02/17തുക – 110000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

III)

| | |
|---|---|
| പ്രോജക്ട് നം | 306/2017 |
| പ്രോജക്ടിന്റെ പേര് | ജലനിധി ഗ്രാമ പഞ്ചായത്ത് വിഹിതം അടക്കൽ (ടി.എസ്.പി) |
| അടങ്കൽ | 7,80,812/- വികസനഫണ്ട് - ടി.എസ്.പി |
| ബിൽ നമ്പർ | 3/PF/TSP/16-17 തീയതി - 24/02/17തുക – 7,80,812/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

മേൽ പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പ്രോജക്ടുകൾ വകയിരുത്തിയ തുകകളിൽ മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ല. മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) ജലനിധി നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണെന്നിരിക്കെ അസി.സെക്രട്ടറി പ്രോജക്ട് തയ്യാറാക്കി തുക പിൻവലിച്ചതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.

3)ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ്, പദ്ധതി ഗുണഭോക്താക്കളുടെ വിവരം (പട്ടികവർഗ്ഗം, പട്ടികജാതി, മറ്റുവിഭാഗം തിരിച്ച്) ഗുണഭോക്തൃ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം, നാളിതുവരെ പിൻവലിച്ച ഗ്രാമപഞ്ചായത്ത് വിഹിതം, നാളിതുവരെ പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച പട്ടിക വർഗ്ഗക്കാരുടെ ഗുണഭോക്തൃ വിഹിതം, നാളിതുവരെ അടച്ച വിവിധ നികുതികളുടെ വിവരങ്ങൾ എന്നിവ പട്ടിക രൂപത്തിൽ നൽകേണ്ടതാണ്.

## 3-11 പി.എം.എ.വൈ വിഹിതം അടക്കൽ വിനിയോഗ

## സാക്ഷ്യപത്രം - ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

I)

| | |
|---|---|
| പ്രോജക്ട് നം | 258/2017 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ വിഹിതം അടക്കൽ (ടി.എസ്.പി) |
| അടങ്കൽ | 37,01,037/- വികസനഫണ്ട് - (ടി.എസ്.പി) |
| ബിൽ നമ്പർ | 2/PF/TSP/16-17 തീയതി - 31/10/16 തുക – 37,01,037/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

II)

| | |
|---|---|
| പ്രോജക്ട് നം | 259/2017 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ വിഹിതം അടക്കൽ (എസ്.സി.പി) |
| അടങ്കൽ | 37,01,037/- വികസനഫണ്ട് - (എസ്.സി.പി) 5,55,000/- |
| ബിൽ നമ്പർ | 2/PF/SCP/16-17 - 31/10/16 തുക – 5,55,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

പനമരം ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പി.എം.എ.വൈ ഭവനനിർമ്മാണ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം മേൽ പ്രോജക്ട്, ബില്ലുകൾ എന്നിവ പ്രകാരം തുക പിൻവലിച്ച് പനമരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയത് സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ രശീത്, പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, ബ്ലോക്ക് പഞ്ചായത്തിന് നൽകിയ ഗുണഭോക്തൃലിസ്റ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും എത്ര പേർ എഗ്രിമെന്റ് വെച്ചിട്ടുണ്ട് എന്ന വിവരവും ഹാജരാക്കേണ്ടതാണ്. എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് പഞ്ചായത്ത്

വിഹിതമായി നൽകിയ തുകയാണോ മേൽ ബിൽ പ്രകാരം നൽകിയതെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്. അധികതുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/16-17 തീയതി 19/07/2017 ന് മറുപടി നൽകിയിട്ടില്ല. ചെലവഴിച്ച 42,56,037/- രൂപ തടസ്സപ്പെടുത്തുന്നു. ഭൗതിക റിപ്പോർട്ട്, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-12 ഭവന പുനരുദ്ധാരണം - സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ തുക ചെലവഴിച്ചു

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭവന പുനരുദ്ധാരണത്തിനായി 25,000/- രൂപ വീതം അനുവദിക്കുന്നതിനായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

I )

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം |
| പ്രോജക്ട് നം | 279/2017 |
| അടങ്കൽ | 17,20,000/- വികസനഫണ്ട് |
| തുക ചെലവഴിച്ചത് | ബിൽ നമ്പർ 4/16-17 തീയതി 31/3/2017 തുക 250000<br>ബിൽ നമ്പർ 5/16-17 തീയതി 31/3/2017 തുക 975000 |
| ആകെ | 12,25,000/- |

49 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം നൽകി .

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം |

| | |
|---|---|
| | |
| പ്രോജക്ട് നം | 280/2017 |
| അടങ്കൽ | 5,00,000/- വികസനഫണ്ട് |
| തുക ചെലവഴിച്ചത് | ബിൽ നമ്പർ - 3/16-17 തീയതി 27/3/2017 തുക 125000<br>ബിൽ നമ്പർ - 6/16-17 തീയതി 31/3/2017 തുക 250000 |
| ആകെ | 3,75,000/- |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1) നിർദ്ദേശിക്കപ്പെട്ട രീതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ്ബുക്ക് എഴുതി തയ്യാറാക്കിയിട്ടില്ല. എല്ലാ ദിവസവും ക്യാഷ് ബുക്ക് ക്ലോസ് ചെയ്തിട്ടില്ല. ടി.ആർ 7 എ ക്യാഷ് ബുക്ക് ഉപയോഗിച്ചിട്ടില്ല.

2) അപേക്ഷയോടൊപ്പം കൃത്യമായ വിവരങ്ങൾ അടങ്ങിയ എസ്റ്റിമേറ്റ് എഴുതി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. വ്യക്തമായ എസ്റ്റിമേറ്റ് വാങ്ങാതെയാണ് തുക അനുവദിച്ചത്.

3) സബ്സിഡി മാർഗ്ഗ രേഖ പ്രകാരം എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവെടുത്ത ശേഷമാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ മതിപ്പ് ചെലവ് അനുമാനമനുസരിച്ച് (ഇനം തിരിച്ച് മൂല്യനിർണ്ണയമില്ലാതെ) സബ്സിഡി നൽകിയിരിക്കുന്നു. കൃത്യമായ അളവുകൾ രേഖപ്പെടുത്തിയ വിവരങ്ങൾ ഇല്ല.

4) തുക ഭാര്യയുടെയും ഭർത്താവിന്റെയും സംയുക്ത അക്കൗണ്ടിലേക്ക് നൽകണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ഗുണഭോക്താവിന്റെ പേരിൽ മാത്രമാണ് തുക അനുവദിച്ചത് (പ്രോജക്ടിന്റെ നമ്പർ - 279/2017 ന്റെ സംഗതിയിൽ)

5) നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി അറ്റകുറ്റപ്പണി അനിവാര്യമാണെന്നത് ഉറപ്പ് വരുത്തിയിട്ടില്ല. ആയതിന്റെ പരിശോധന റിപ്പോർട്ട് ഫയലിൽ

സൂക്ഷിച്ചിട്ടില്ല.

6) സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(എം.എസ്) 4/2016 തസ്വഭവ 11.1.2016) ധന സഹായം അനുവദിക്കുന്നതിന് 12 വർഷം പഴക്കമെങ്കിലും ഉള്ള വീട്ടുകളായിരിക്കണം. സ.ഉ.(സാധാ) 161/17 തസ്വഭവ 19.1.2017 പ്രകാരം തദ്ദേശ സ്ഥാപനം നൽകിയ ധനസഹായത്താൽ നിർമ്മിച്ച വീടുകൾക്ക് 8 വർഷം പഴക്കം ഉണ്ടായാൽ ധനസഹായം അനുവദിക്കാം. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല. ഹാജരാക്കിയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ധനസഹായം അനുവദിച്ച കാലപ്പഴക്കം കുറഞ്ഞ വീടുകൾ സംബന്ധിച്ച ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ദിനേഷ് കുമാർ വാർഡ് 2/111 കാലപ്പഴക്കം 3 വർഷം
2. തങ്കമുത്തു ( കെ.മുത്തു) വാർഡ് 10/120 കാലപ്പഴക്കം 6വർഷം.
3. വദഹീ.എ വാർഡ് 21/431B കാലപ്പഴക്കം ലഭ്യമല്ല.
4. ബിജു ജോസഫ് ( അസസ്മെന്റ് രജിസ്റ്റർ പ്രകാരം ബിന്ദു ജോസ്) വാർഡ് 14/147

   കാലപ്പഴക്കം 2 വർഷം

മുഴുവൻ അപേക്ഷകളും പരിശോധിച്ച് കാലപ്പഴക്കം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ തീയതി 2/16-17 18/07/2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 16,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 വീട് വയറിംഗ് - മതിയായ രേഖകൾ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചു.

വീട് വയറിംഗ് പ്രവൃത്തികൾ നടത്താത്ത ഗ്രാമ പഞ്ചായത്ത് പരിധിയിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ വീട് വയറിംഗ് പ്രവൃത്തികൾക്കായി തൻവർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 39/2017 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വീട് വയറിംഗ് (സ്പിൽ ഓവർ പ്രോജക്ട്) |
| അടങ്കൽ | 84,000/- വികസനഫണ്ട് - (ടി.എസ്.പി) |

| | |
|---|---|
| | |
| ബിൽ നമ്പർ | 1/PF/TSP/16-17 തീയതി - 25/02/17തുക –8000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

മേൽ ബിൽ പ്രകാരം പിൻവലിച്ച തുക 4,000/- രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്ക് നൽകി.

II)

| | |
|---|---|
| പ്രോജക്ട് നം | 492/2017 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വീട് വയറിംഗ് |
| അടങ്കൽ | 19,00,000/- വികസനഫണ്ട് - (ടി.എസ്.പി) |
| ബിൽ നമ്പർ | 8/PF/TSP/16-17 തീയതി - 28/03/17തുക –355000<br>13/PF/TSP/16-17 തീയതി - 31/03/17തുക –275000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 126 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം സബ്സിഡി നൽകി.

| | |
|---|---|
| പ്രോജക്ട് നം | 265/2017 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വീട് വയറിംഗ് |
| അടങ്കൽ | 2,20,000/- വികസനഫണ്ട് - എസ്.സി.പി |
| ബിൽ നമ്പർ | 12/PF/SCP/16-17 തീയതി - 31/03/17തുക –15000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം സബ്സിഡി നൽകി.

മേൽ പ്രോജക്ടുകളെ സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റോ, പട്ടികവർഗ്ഗ വിഭാഗക്കാരെ സംബന്ധിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പട്ടികവർഗ്ഗ കുടുംബമാണ് എന്ന് സാക്ഷപ്പെടുത്തിയ റേഷൻ കാർഡിന്റെ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മെയിൻ സ്വിച്ച് കൂടാതെ മൂന്ന് പോയന്റുകളെങ്കിലും വയറിംഗ് നടത്തിയിട്ടുണ്ട് എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപത്രം നൽകിയിട്ടില്ല.

3) വരുമാന സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

4)മുമ്പ് ആനുകൂല്യം ലഭിച്ചവരാണോ എന്ന് പരിശോധിച്ചിട്ടില്ല

5) ഗ്രാമ പഞ്ചായത്തോ മറ്റേതെങ്കിലും തദ്ദേശ സ്ഥാപനമോ, വകുപ്പ് മുഖേനയോ നൽകിയ വീടുകൾക്കാണോ ധനസഹായം നൽകിയത് എന്ന് പരിശോധിച്ചിട്ടില്ല. അത്തരം വീടുകളാണെങ്കിൽ ഭവന പദ്ധതിയുടെ ഭാഗമായി തന്നെ വയറിംഗ് പൂർത്തീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നടത്തിയ പരിശോധനയുടെ വിവരം ഹാജരാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/16-17 തീയതി 19/7/17 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവഴിച്ച 6,53,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ജലനിധി - അക്കൗണ്ടിൽ നീക്കിയിരിപ്പ്

| | |
|---|---|
| പ്രോജക്ട് നം | 491/2017 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമ്പൂർണ്ണ ശൗചാലയ നിർമ്മാണം വിഹിതം നൽകൽ<br>(ടി.എസ്.പി) |
| അടങ്കൽ | 6,41,000/- വികസനഫണ്ട് - (ടി.എസ്.പി) |
| ജില്ലാപഞ്ചായത്ത് വിഹിതം | 35,89,600/- |
| ബിൽ നമ്പർ | 14/PF/TSP/16-17 തീയതി - 31/03/17തുക –150000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |

ജലനിധി മുഖേന നടപ്പിലാക്കുന്ന ശൗചാലയ നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായ 1,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 5,600/- രൂപയുമടക്കം ആകെ 6,600/- രൂപ അധിക വിഹിതം നൽകുകയാണ് പദ്ധതി ലക്ഷ്യം. ജില്ലാ പഞ്ചായത്ത് വിഹിതമായി 8,40,000/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം മേൽ ബിൽ പ്രകാരം 1,50,000/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി പിൻവലിച്ച തുകയിൽ 26,400/- രൂപ നിലവിൽ അസി. സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/16-17 തീയതി 19/7/17 ക്ക് തൃപ്തികരമായി മറുപടി ലഭ്യമാക്കിയിട്ടില്ല. 26,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 എസ് . ടി ഭവന നിർമ്മാണം - തുക പൂർണ്ണമായും

## വിതരണം ചെയ്തില്ല

എ) 2012-13 , 2013-14 വർഷത്തെ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിന് സ്പിൽ ഓവർ ആയി തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ബിൽ നം/വൗച്ചർ നം |
|---|---|---|
| 327/17 ഭവന നിർമ്മാണം (13-14) | 8,75,000/- (തനതു ഫണ്ട് ) | 4,50,000/- 679/14.03.2017 |
| 328/17 ഭവന നിർമ്മാണം (12-13) | 5,50,000/- (ടി.എസ്.പി ) | 2,50,000,1/16-17/27.3.2017 |
| ആകെ | | 7,00,000/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പണം പിൻവലിച്ചത് ഏതൊക്കെ ഗുണഭോക്താക്കൾക്കാണെന്ന് വ്യക്തമല്ല.

2) പണം നൽകിയത് ചെക്ക് മുഖേനയാണ്. അവ ആർക്കൊക്കെ നൽകി എന്ന്

വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ കാലികമല്ല.

3)തുക നൽകിയ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല.

4)പ്രോജക്ട് നം 327/17 ന് പിൻവലിച്ച 4,50,000/- രൂപയിൽ 3 ഗുണഭോക്താക്കൾക്ക് ആകെ 1,50,000/- രൂപ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 3,00,000/- രൂപ പനമരം കാനറാബാങ്കിലെ 0856101050679-നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നാളിതുവരെയായിട്ടും തുക തിരിച്ചടച്ചിട്ടില്ല.

5)പ്രോജക്ട് നം 328/17 ന് പിൻവലിച്ച 2,50,000/- രൂപയിൽ 3 ഗുണഭോക്താക്കൾക്ക് ആകെ 1,00,000/- രൂപ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 1,50,000/- രൂപ പനമരം കാനറ ബാങ്കിലെ 0856101050679 -ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

നാളിതുവരെയായിട്ടും തുക തിരിച്ചടച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ബി) വിവിധ സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വർഷം | എഗ്രിമെന്റ് വെച്ചത് | പണി പൂർത്തീകരിച്ചവ | പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ |
|---|---|---|---|---|
| 1 | 2011-12 | 28 | 26 | 2 |
| 2 | 2012-13 | 46 | 30 | 16 |
| 3 | 2013-14 | 41 | 24 | 17 |

പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സി) 31.03.2015 ന് ശേഷം നിർവഹണ ഉദ്യോഗസ്ഥൻ ക്യാഷ്ബുക്ക് എഴുതി തയ്യാറാക്കിയിട്ടില്ല. ക്യാഷ് ബുക്ക് എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-16 നീരട്ടാടി-കണ്ണിക്കൊല്ലി റോഡ് സൈഡ് പ്രൊട്ടക്ഷൻ അധിക ചെലവ്

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ സൈറ്റിൽ ലഭ്യമായ മണ്ണ് ഫില്ലിംഗിൽ കുറവ് വരുത്താതിരിക്കുന്നതിനാലും മണ്ണ് അമരുമ്പോഴുള്ള കുറവിലേക്ക് കൺസോളിഡേഷൻ കുറവ് വരുത്താതിരുന്നതിനാലും അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 355/16 |

| | |
|---|---|
| അടങ്കൽ | 3,00,000/- (വികസന ഫണ്ട് - ജനറൽ) |
| അളവ് പുസ്തകം | 357/15-16 (പേജുകൾ 1-12) |
| കൺവീനർ | ശ്രീ.പീതാംബരൻ |
| ട്രഷറി ബിൽ നം. | 14/16-17/19.10.16 300,000/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം 28 ഘ.മീ. മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. അളവ് പുസ്തകം 357/15-16(പേജുകൾ 1-12) രേഖപ്പെടുത്തലുകൾ പ്രകാരം ഈ മണ്ണ് ഉപയോഗയോഗ്യമല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് ഇനം 5പ്രകാരം 66.15 ഘ.മീ. മണ്ണ് ഫില്ലിംഗ് നടത്തിയതിന് 243രൂപ/ ഘ.മീ. തോതിൽ 16074.45 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ആകെ ഫില്ലിംഗ് 66.15 ഘ.മീറ്ററിൽ നിന്നും മണ്ണ് അമരുമ്പോഴുള്ള കുറവിലേക്ക് 20% കൺസോളിഡേഷൻ കുറവ് വരുത്താതിരുന്നതിനാലും അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

ആകെ നടത്തിയ ഫില്ലിംഗ് ( അ. പു. പേജ് 5, 10) - 66.15 ഘ.മീ.

കുറക്കുക കൺസോളിഡേഷൻ ( 66.15*20%) - 13.23 ഘ.മീ.

കുറക്കുക കിളച്ചെടുത്ത മണ്ണ്(ഇനം 1) - 28.00 ഘ.മീ.

തുക അനുവദിക്കാവുന്ന ഫില്ലിംഗ് -24.92ഘ.മീ

അതിനാൽ 66.15–41.23=24.92 ഘ.മീ ഫില്ലിംഗിന് തുക അനുവദിക്കുന്നതിനു പകരം 66.15 ഘ.മീ ഫില്ലിംഗിന് തുക അനുവദിച്ചതിനാൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. അതിനാൽ 41.23 ഘ.മീ. അളവിന് (13.23+28) അധികം അനുവദിച്ച തുക (41.23*243=) 10,019/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

എ) മാത്രമല്ല ഈ പ്രവൃത്തിയുടെ തൻവർഷത്തെ പ്രവൃത്തി അവസാനിച്ചിടത്ത് റോഡ് അപൂർണ്ണമായവിധത്തിൽ അവസാനിക്കുകയാണ്. ഈ റോഡിനായി സ്ഥലം വിട്ടുകിട്ടിയതിന്റെയും റവന്യൂ രേഖകളിൽ പഞ്ചായത്തിന്റെ പേരിലാക്കിയതിന്റെയും രേഖകൾ ഫയലിൽ ഇല്ല. ഈ രേഖകളുടെ അഭാവത്തിൽ ബാക്കി ചെലവ് തുക 2,89,981/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-17 ഇ-ടെണ്ടർ -ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ ചുവടെ വിവരിച്ച പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | ടെണ്ടർ തിയ്യതി | പ്രവൃത്തി | അടങ്കൽ | ഫോറം വില | ആകെ ടെണ്ട റുകൾ | തുക |
|---|---|---|---|---|---|---|
| 1 | 31.5.16 | ചുണ്ടക്കുന്ന് പമ്പ് ഹൗസ് റോഡ് ടാറിംഗ് | 550000 | 1100 | 4 | 4400 |
| 2 | 31.5.16 | മില്ലുമുക്ക് പരിയാരം റോഡ് റീടാറിംഗ് | 750000 | 1500 | 3 | 4500 |
| 3 | 31.5.16 | എടത്തുംകുന്ന് മാതോത്ത് റോഡ് റീടാറിംഗ് | 1268221 | 5000 | 5 | 25000 |
| 4 | 13.2.17 | പരാരി കണ്ടം പുറംകുന്ന് റോഡ് സോളിംഗ് | 594760 | 1260 | 2 | 2520 |
| 5 | 13.2.17 | പന്തലാടി കലുങ്ക് നിർമ്മാണം | 616553 | 1470 | 2 | 2940 |
| 6 | 13.2.17 | വാകയാട് കലുങ്ക് നിർമ്മാണം | 160000 | 2625 | 4 | 10500 |
| 7 | 4.3.17 | മഞ്ഞവയൽ കൊട്ടവയൽ റോഡ് ടാറിംഗ് | 1219312 | 1260 | 1 | 1260 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 8 | 4.3.17 | കള്ളാംതോട് മലങ്കര റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 725000 | 1575 | 1 | 1575 |
| 9 | 4.3.17 | 6-ാം മൈൽ കക്കാടൻ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 700000 | 1470 | 2 | 2940 |
| 10 | 4.3.17 | ചുണ്ടക്കുന്ന് പച്ചിലക്കാട് റോഡ് ടാറിംഗ് | 1000000 | 2100 | 1 | 2100 |
| 11 | 4.3.17 | മാതാളിക്കുന്ന ശങ്കരൻ ചോല റോഡ് ടാറിംഗ് | 600000 | 1260 | 1 | 1260 |
| 12 | 4.3.17 | മേനപ്പുറം റോഡ് ടാറിംഗ് | 700000 | 1470 | 1 | 1470 |
| 13 | 4.3.17 | മഞ്ഞവയൽ കൊട്ടവയൽ റോഡ് ടാറിംഗ് | 1219312 | 2625 | 1 | 2625 |
| 14 | 4.3.17 | അറുമൊട്ടംകുന്ന് എടത്തുംകുന്ന് റോഡ് ടാറിംഗ് | 700000 | 1470 | 1 | 1470 |
| 15 | 4.3.17 | കക്കാടൻ ആറാംമൈൽ | 600000 | 1260 | 1 | 1260 |

| | | | | | | |
|---|---|---|---|---|---|---|
| | | റോഡ് ടാറിംഗ് | | | | |
| 16 | 16.3.17 | ചുണ്ടക്കുന്ന് പച്ചിലക്കാട് റോഡ് ടാറിംഗ് | 100000 | 2100 | 1 | 2100 |
| 17 | 16.3.17 | മഞ്ഞവയൽ കൊട്ടവയൽ റോഡ് ടാറിംഗ് | 600000 | 1260 | 1 | 1260 |
| 18 | 16.3.17 | പനമരം കംഫർട്ട്സ്റ്റേഷൻ ചുറ്റുമതിൽ, ഇന്റർലോക്ക് | 738576 | 1575 | 1 | 1575 |
| | | ആകെ | | | | 70755 |

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 1,41,800/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ മേൽ 70755/- രൂപ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മേൽ തുക പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നും ഈ തുക ലഭിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കണമെന്നും ഓഡിറ്റ് എൻക്വയറി (നം.26/16-17/21.7.17) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. തുക പഞ്ചായത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ജില്ലാ പഞ്ചായത്ത് | 400000 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 400000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വസതി ഭവന പദ്ധതിക്കായി 68,50,000/- രൂപ ലഭിച്ചിട്ടുണ്ട്. 2015-16 ൽ ഈ പദ്ധതിക്കായി 1,95,00,000/- രൂപ വായ്പ എടുത്തിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ ടി ലോൺ ലഭിച്ചതിന്റെ വിവരം, വായ്പാതുകയും, പലിശയും തിരിച്ചടവാക്കിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്താത്തതിനാൽ ടി വായ്പയുടെ വിശദാംശങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇ.എം.എസ് ലോണിന്റെ വിശദാംശങ്ങൾ മാത്രമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) 638/10.തസ്വഭവ തീയതി 25.2.2010 | 39951000 | 8588400 | 1750000 | | 6838400 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 510000 |
| തൻവർഷം നിക്ഷേപിച്ച തുക | 139000 |
| ആകെ | 649000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 646000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് സബ് ട്രഷറി ദ്വാരക | 649000 |

| | |
|---|---|
| (ഇഇ നം. 646322/2309 ) | |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | തുക ഒടുക്കിയ ആളുടെ പേര് | രസീത് നം/ തീയതി |
|---|---|---|---|---|
| 2007-08 | 3-1 | 2470 | കെ.വി. സറാമ്മ, ക്ലർക്ക് | 11601104135/ 28.10.2016 |
| 2008-09 | 3-3 | 1140 | | |
| 2009-10 | 3-7 | 2470 | | |
| 2007-08 | 3-1 | 760 | തോമസ് ജോസഫ് | 11601104694/9.12.2016 |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 151844230രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 148992934രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,019/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,07,47,945/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും |
|---|---|---|---|

| | | | |
|---|---|---|---|
| | തുക | | ഉദ്യോഗപ്പേരും |
| 3-16 | | 10,019/- | ശ്രീ. വിപിൻ കൃഷ്ണ, അസി. എഞ്ചിനീയർ |

.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 365379 | ശ്രീ ജോസ് കുമാർ , സെക്രട്ടറി |
| 3-5 | 2180650 | ശ്രീ ജയരാജൻ എം , കൃഷി ഓഫീസർ |
| 3-6 | 450000 | ശ്രീ ജയരാജൻ എം , കൃഷി ഓഫീസർ |
| 3-7 | 275000 | ശ്രീ ജയരാജൻ എം , കൃഷി ഓഫീസർ |
| 3-8 | 886977 | ഡോ ഷീജ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 3-9 | 100000 | ഡോ. മാത്യു ആൻഡ്രൂസ് ,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-11 | 4256037 | ശ്രീ കെ രാധാകൃഷ്ണൻ , അസി. സെക്രട്ടറി |
| 3-12 | 1600000 | ശ്രീ കെ രാധാകൃഷ്ണൻ , അസി. സെക്രട്ടറി |

| | | |
|---|---|---|
| 3-13 | 653000 | ശ്രീ കെ രാധാകൃഷ്ണൻ , അസി. സെക്രട്ടറി |
| 3-14 | 26400 | ശ്രീ കെ രാധാകൃഷ്ണൻ , അസി. സെക്രട്ടറി |
| 3-16 | 289981 | ശ്രീ വിപിൻ കൃഷ്ണ , അസി . എഞ്ചിനീയർ |
| ആകെ | 10747945 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

--ഇല്ല--

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br><br>കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-284/09തീയ്യതി-28.11.1998 |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യൂ)പി2-362/00തീയ്യതി-05.01.99 |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-368/08,തീയ്യതി-31.10.08 |

| | |
|---|---|
| 1999-00 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-460/00തീയ്യതി-07.08.08 |
| 2000-01 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-369/09,തീയ്യതി-1.8.07 |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-912/08,തീയ്യതി-04.2.09 |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-913/08,തീയ്യതി-8.12.09 |
| 2003-04 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-1068/08,തീയ്യതി03.12.09 |
| 2004-05 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-990/08 തീയ്യതി 08.12.09 |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-991/08തീയ്യതി-5.12.09 |
| 2006-07 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-105/10തീയ്യതി-12.7.10 |
| 2007-08 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-106/10തീയ്യതി-13.08.10 |
| 2008-09 | നം.എൽ.എഫ്.(ഡബ്ല്യൂ)പി.3-560/11 തീയ്യതി-28.10.11 |
| 2009-10 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-274/12തീയ്യതി-22.06.12 |
| 2010-11 | നം.എൽ.എഫ്.(ഡബ്ല്യൂ)പി.3-192/13തീയ്യതി-10.06.13 |
| 2011-12 | നം.എൽ.എഫ്.(ഡബ്ല്യൂ)പി.5-842/2014, തീയ്യതി-06.05.15 |
| 2012-13 | നം.എൽ.എഫ്.(ഡബ്ല്യൂ)പി.5-842/2014, തീയ്യതി-06.05.15 |
| 2013-14 | നം. കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി4.201(A) 2015,തീയ്യതി-06.05.16 |
| 2014-15 | നം. കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.)പി4.470/ 2016, തീയ്യതി- 23.07.16 |
| 2015-16 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.)പി4-836/16 തീയ്യതി-2.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സി/23.08.2017

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.4/462/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 16.08.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ പനമരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P4/462/2017.

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.16.08.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Panamaram Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Panamaram Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department

District office, Wayanad.